പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2597

21.06.2012-ലെ
മറുപടിക്ക്.

## ഹെഡ്മാസ്റ്റർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഹെഡ്മാസ്റ്റർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം ലഭിക്കുന്നതിന് നിലവിൽ ചട്ടപ്രകാരമുള്ള യോഗ്യതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) നിലവിൽ പ്രൈമറി തലത്തിൽ ഹെഡ്മാസ്റ്റർ ആകുന്നതിനുള്ള യോഗ്യത എസ്.എസ്.എൽ.സി., റ്റി.റ്റി.സി./ബി.എഡ്. കേരള അക്കൗണ്ട് ടെസ്റ്റ് ലോവർ എന്നിവയും ഹൈസ്കൂൾ തലത്തിൽ ഹെഡ്മാസ്റ്റർ ആകുന്നതിനുള്ള യോഗ്യത ഡിഗ്രിയും ബി.എഡ്. കഴിഞ്ഞ് 12 വർഷം ഹൈസ്കൂൾ സർവ്വീസും അക്കൗണ്ട് ടെസ്റ്റ്, കെ.ഇ.ആർ. പാസാകുക എന്നിവയുമാണ്. |
| (ബി) ഹെഡ്മാസ്റ്റർ സ്ഥാനകയറ്റത്തിന് പുതുതായി എന്തെങ്കിലും യോഗ്യതാ പരീക്ഷ ഏർപ്പെടുത്തുവാൻ ആലോചിക്കുന്നുണ്ടോ;<br>(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;<br>(ഡി) ഹെഡ്മാസ്റ്റർ പദവിയുടെ കാര്യക്ഷമതയും വിദ്യാഭ്യാസത്തിന്റെ ഗുണമേൻമയും ഉറപ്പുവരുത്താൻ വർഷങ്ങളായി ചട്ടപ്രകാരം നിലവിലുള്ള പരീക്ഷാ യോഗ്യതകൾ ഉള്ളവരെ മാത്രം ഹെഡ്മാസ്റ്റർമാരായി സ്ഥാനക്കയറ്റം നൽകുന്ന കാര്യം പരിഗണിക്കുമോ? | (ബി) യും (സി) യും (ഡി) യും<br>ഹെഡ്മാസ്റ്റർ സ്ഥാനക്കയറ്റത്തിന് പുതിയതായി യോഗ്യതാ പരീക്ഷ ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. പരീക്ഷ നടത്തുന്നതിന്റെ സാധ്യതകൾ പരിശോധിക്കാൻ S.C.E.R.T..യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ